പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 570

29.06.2011- ലെ മറുപടിക്ക്

## ചെറുകിട കയർ ഫാക്ടറികളിൽ തൊഴിലില്ലായ്മ

| ചോദ്യം<br><br>ശ്രീ. പി. തിലോത്തമൻ | ഉത്തരം<br><br>ശ്രീ. അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) ചെറുകിട കയർ ഫാക്ടറിയിൽ തൊഴിലില്ലായ്മ കൂടി വരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടു ണ്ടോ; ഇതിനു കാരണങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ; കയർ കോർപ്പറേഷൻ പർച്ചേസ് പ്രൈസ് സ്കീം നടപ്പിലാക്കി ചെറുകിടക്കാർക്ക് ഓർഡർ നൽകി ഉൽപ്പന്നങ്ങൾ എടുക്കുന്ന രീതി നിലവിലില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടു ണ്ടോ; | (എ) ചെറുകിട കയർ ഫാക്ടറികളിൽ തൊഴിലില്ലായ്മ ഒരു പരിധി വരെ നിലനിൽക്കുന്നു. അസംസ്കൃത വസ്തുവായ ചകിരിയുടെ ദൗർലഭ്യം, ക്രമാതീതമായ വില, ഉല്പാദന മേഖലയിൽ തൊഴിലാളികൾക്ക് ന്യായമായ കൂലി ലഭിക്കാത്തത്, മറ്റ് നിർമ്മാണ മേഖലകളിൽ ലഭിക്കുന്ന കൂടിയ കൂലി, തൊഴിലാളികൾക്ക് 6 ദിവസം പൂർണ്ണമായും തൊഴിൽ നൽകാൻ പര്യാപ്തമായ ഓർഡറുകൾ ലഭിക്കാത്തത് എന്നിവ തൊഴിലില്ലായ്മയ്ക്ക് കാരണമാകുന്നു.<br>2011-12 സാമ്പത്തിക വർഷം ഏപ്രിൽ മുതൽ ജൂൺ 24-ാം തീയതി വരെ ക്രയവിലസ്ഥിരത പദ്ധതി പ്രകാരം ഏകദേശം 14 കോടിയോളം രൂപയുടെ ഓർഡറുകൾ സംഭരിച്ച് ചെറുകിടക്കാർക്ക് നൽകിയിട്ടുണ്ട്. |
| (ബി) കയർ പിരികൂലി വർദ്ധിപ്പിച്ചതനുസരിച്ച് കയർ വ്യവസായ സഹകരണ സംഘങ്ങൾക്ക് കയർഫെഡ് വില നൽകാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ? | (ബി) പിരി കൂലി വർദ്ധനവിന് അനുസൃതമായി 2010 ഒക്ടോബർ മുതൽ വില വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ട്. എന്നാൽ ചകിരി സബ്സിഡി പദ്ധതി നിർത്തലാക്കിയതുമൂലം ഉണ്ടാകുന്ന ചകിരി വിലയിലെ അന്തരം വിലയിലുൾപ്പെടുത്തുന്നതിന് പ്രോജക്ട് തല ചർച്ചകൾ തുടങ്ങിയിട്ടുണ്ട്. ടി നടപടിക്രമങ്ങൾ പൂർത്തിയാകുന്നതു വരെയുള്ള സമയത്തേക്ക് പ്രാദേശികമായി അഡ് ഹോക്ക് വർദ്ധനവ് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ